# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *650 10/07/2014 ൽ മറുപടിയ്ക്ക്

## സ്വാശ്രയ ആർട്സ് & സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്ക് ധനസഹായം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്നതിന് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവിലെ ജി.ഒ(പി)നം.50/2009/ പജപവവിവ തീയതി 02/07/2009 മാനദണ്ഡങ്ങൾക്ക് വിധേയമായിസ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ചേർന്നു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ താമസ ഭക്ഷണ ചെലവ് എന്നിവ അനുവദിച്ചുവരുന്നു. |
| (ബി) | സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിന് മേൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിലവിൽ ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തിരമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) | സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് പഠിയ്ക്കുന്നവർക്ക് നിലവിൽ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ചുവരുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ